# ഇടവകട്രസ്റ്റികൾ എഴുതി വയ്ക്കേണ്ട

## സമ്മതപത്രം

സ്റ്റാമ്പ്

..................................ആണ്ട്.......................................................................മാസം..................................................................ാം

.......................................................................................................................മാർത്തോമ്മ ഇടവകയുടെ എപ്പിസ്ക്കോപ്പാ

തിരുമുമ്പാകെ......................................................................................ഇടവകയിൽ..............................................................

..................................................................................................................................................................................................

..................................................................കൂടി

## എഴുതിവച്ച സമ്മതപത്രം

ഞങ്ങളിൽ ഒന്നാം പേരുകാരൻ ..............................................................................................................ഇടവകയുടെ മുതൽ ചുമതലയും രണ്ടാം പേരുകാരൻ കണക്കു ചുമതലയും..................................–ാം തീയതി മുതൽ ഒരു കൊല്ലത്തേക്കു വഹിക്കുന്നതിനു ഇടവക സംഘം തെരെഞ്ഞെടുക്കുകയും തിരുമനസ്സുകൊണ്ട് ആ തെരെഞ്ഞെടുപ്പിനെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ഒന്നാം പേരുകാരൻ പണച്ചുമതലയും രണ്ടാം പേരുകാരൻ കണക്കു ചുമതലയും സഭാ സംഘടനയും റൂളുകളും അനുസരിച്ച് വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. മേൽ പറഞ്ഞ കാലാവധിക്കുള്ളിൽ തിരുമനസ്സിലെ അനുമതിപ്രകാരം ഈ ചുമതലകളിൽ നിന്ന് ഒഴിയുന്നതിന് ഞങ്ങൾക്കും ഒഴിക്കുന്നതിന് ഭൂരിപക്ഷ തീരുമാനമനുസരിച്ച് ഇടവകസംഘത്തിനും കല്പനമൂലം തിരുമനസ്സിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്. സ്ഥാവരജംഗമ സ്വത്തുക്കൾ ഇടവകയ്ക്കു വേണ്ടി വാങ്ങിക്കയോ വില്ക്കുകയോ ചെയ്യുന്നത് ഇടവകസംഘത്തിൻെറ നിശ്ചയത്തോടും തിരുമനസ്സിലെ അനുമതിയോടും നിശ്ചയത്തോടും കൂടിമാത്രം ചെയ്യുന്നതാണ്. സ്ഥാവരസ്വത്തുക്കൾ വില്ക്കുകയോ ഋണപ്പെടുത്തുകയോ തിരുമനസ്സിലെ അനുമതി വാങ്ങാതെ ഒരിക്കലും ചെയ്യുന്നതല്ലാത്തതാകുന്നു. വികാരിയുടെ ചുമതലയിൽ സൂക്ഷിക്കുന്ന കർമ്മ സംബന്ധമായ ജംഗമങ്ങൾ ഒഴിച്ചുള്ള ജംഗമങ്ങൾ ഒഴിച്ചുള്ള ജംഗമങ്ങളും പ്രമാണങ്ങളും ഇടവകസംഘത്തിൻെറ തീരുമാനമനുസരിച്ചു ഒന്നാം പേരുകാരൻ സൂക്ഷിച്ചുകൊള്ളുന്നതാകുന്നു. ഇടവകയിലേക്കും ഇടവക വഴിയായി സഭയിലേക്കും സഭയുടെ അംഗീകൃത സ്ഥാപനങ്ങളിലേക്കും ചെല്ലേണ്ട പണങ്ങൾ അതതുസമയം വസൂലാക്കി സഭാ ആപ്പീസിലോ അംഗീകൃത സ്ഥാപനങ്ങൾക്കോ അയച്ചും സഭാ ആഫീസിൽ അടയ്ക്കേണ്ടുന്ന പണങ്ങൾ സഭാ ആഫീസിൽ അടച്ചും, മുതൽ പിടിക്കരൻെറ കയ്യിൽ വച്ച് സൂക്ഷിക്കുന്നതിന് ഇടവകസംഘം നിശ്ചയിച്ചിട്ടുള്ളതോ, റൂൾ പ്രകാരം അനുവദിച്ചിട്ടുള്ളതോ ആയ .....................രൂപ ഒഴിച്ച് ബാക്കി പണങ്ങൾ തപാൽ സേവിംഗ്സ് ബാങ്കിലോ ഇടവക സംഘ തീരുമാനപ്രകാരം മറ്റു സ്ഥലത്തോ വിധത്തിലോ നിക്ഷേപിച്ച് ഒന്നാം പേരുകാരൻ സൂക്ഷിച്ച് നടക്കയും പട്ടക്കാർ, ഇടവക സിൽബന്ധികൾ എന്നിവരുടെ ശമ്പളവും നിശ്ചിത ചെലവുകളും, കർമ്മാദികൾ എഴുത്ത്കുത്ത്, യാത്ര, മുതലായി അനുവദിക്കപ്പെട്ടിട്ടുള്ള അനിശ്ചിത ചെലവുകളും......................രൂപായിൽ കവിയാത്ത വിശേഷാൽ ചെലവുകളും സ്വയമായും, ആണ്ടിനാൽ ഈ ഇടവക നിത്യച്ചെലവു സംഖ്യ ...................... രൂപായുടെ 50 ശതമാനത്തിൽ കവിയാത്ത സംഖ്യ കൈസ്ഥാനക്കമ്മറ്റിയുടെയും നിത്യച്ചെലവിൻെറ 5 മടങ്ങോളം വരുന്ന

സംഖ്യ ഇടവകസംഘത്തിൻേറയും അനുമതിയോടുകൂടിയും അതിൽ കൂടുതലായി വേണ്ടിവരുന്ന സംഖ്യകൾ തിരുമനസ്സിലെ അനുവാദമനുസരിച്ചും മാത്രം ഞങ്ങൾ ചെലവഴിക്കുകയും കണക്കെഴുതുകയും ചെയ്തുകൊള്ളാവുന്നതുമാകുന്നു. എന്നാൽ ഏതെങ്കിലുംചെലവു തിരുമനസ്സിൽ നിന്നും നിരോധിച്ചാൽ ആ ചെലവു ചെയ്യുന്നതല്ല. ആണ്ടു തോറും നാൾവഴി, പേരേടു, സ്ഥാവരജംഗമങ്ങളുടെ പട്ടിക ഇവ ക്രമമായി എഴുതി സൂക്ഷിച്ചു മൂന്നു മാസത്തിൽ ഒരിക്കൽ കണക്കുകൾ തെരട്ടു ചെയ്തു കൈസ്ഥാനസമിതിയെ ബോധ്യപ്പെടുത്തിയും വർഷാന്ത്യത്തിലോ ജോലിയിൽ നിന്നും വിരമിക്കുമ്പോഴോ കണക്കുകൾ തിരട്ടു ചെയ്തു പരിശോധകന്മാരുടെ സർട്ടിഫിക്കറ്റോടുകൂടി മൂന്നു പ്രതികൾ അയ്യാറാക്കി അയച്ചും ഇടവകസംഘത്തെ ബോധ്യപ്പെടുത്തിയും ഞങ്ങൾ നടന്നുകൊള്ളാവുന്നതും ഞങ്ങൾ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ ബാക്കി പണങ്ങളും ജംഗമസ്ഥാവര വസ്തുക്കളും പ്രമാണങ്ങളും കണക്കുകളും പിൻട്രസ്റ്റികളെ ഏല്പിച്ച് ജോലിയിൽ നിന്നും ഒഴിഞ്ഞുകൊള്ളാവുന്നതുമാകുന്നു. കാലാവധിക്കുശേഷം ഞങ്ങൾ ജോലിയിൽ വല്ല കാരണവശാലും തുടരുന്നതായാൽ മേൽ പറഞ്ഞ ചുമതലകൾ എല്ലാം ആ കാലത്തും ഞങ്ങൾക്ക് ഉണ്ടായിരിക്കുന്നതും ആകുന്നു. ഇപ്രകാരം ഒക്കെയും സമ്മതിച്ച് സമ്മതപത്രം എഴുതി വച്ച

1.............................................................

2.............................................................

സാക്ഷികൾ:

1.

2.